**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1803** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഞങ്ങളും കൃഷിയിലേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളെയും, യുവാക്കളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും, കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | യുവതലമുറയെ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി പകർന്ന് കൊടുക്കുന്നതിനും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും നിലവിൽ പല ഘടകങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>എല്ലാ ജനങ്ങളെയും പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെയും യുവതലമുറയെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ജനകീയ ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്. കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റ അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പല തരത്തിലുള്ള അവാർഡുകൾ നൽകി വരുന്നു.<br><br>വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ് പരിപാടി നടപ്പാക്കിവരുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്നതുമായ കൃഷി ഭവനുകളിൽ നിന്നും കൃഷിയെ പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ നേരിട്ടിടപെടാനും, പഠിക്കുവാനും, |

| | | | |
|---|---|---|---|
| | | | പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്ക് വേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്.<br><br>2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർ കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ മാറ്റുന്നതിനും കൈമാറുന്നതിനും, മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ പരിചയപ്പെടുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരം പരിശീലന പരിപാടികൾ എല്ലാ കർഷകർക്കും പ്രത്യേകിച്ച് യുവാകൾക്കും കൃഷിയെ കുറിച്ചും നൂതന കൃഷി രീതികളിലും ഉള്ള അവബോധം സൃഷ്ടിക്കാൻ സഹായകരമാണ്. |
| (ബി) | 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ സംസ്ഥാനത്തെ കാർഷിക ഉൽപാദനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ സംസ്ഥാനത്തെ കാർഷിക ഉൽപ്പാദനം വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിലൂടെ ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കർഷക ദിനമായ ചിങ്ങം 1 (2022 ഓഗസ്റ്റ് 17) ന് 1,02,314 കൃഷിയിടങ്ങളിൽ പുതുതായി കൃഷിയ്ക്ക് തുടക്കം കുറിച്ചു. സംസ്ഥാനത്തൊട്ടാകെ നെല്ല് വിവിധ ഇനം പച്ചക്കറി ഇനങ്ങൾ, തെങ്ങ് , വാഴ, കവുങ്ങ് , കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങി മറ്റ് വിളകൾ ഉൾപ്പെടെ 78312 ഹെക്ടർ സ്ഥലത്ത് ഇത് മൂലം കൃഷി വ്യാപിപ്പിക്കുവാൻ സാധ്യമായിട്ടുണ്ട്.<br><br>ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം 2021-22 വർഷത്തിൽ 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 1.12 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 16.3 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പക്കുന്നതിനും ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ